# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5999** — **07-07-2014 ൽ മറുപടിയ്ക്ക്**

## തരിശ് നെൽകൃഷി പുനരുദ്ധാരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2012-2013 ൽ തരിശ് നെൽകൃഷി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; | (എ) 2012-2013 ൽ തരിശ് നില നെൽകൃഷി വികസന പദ്ധതി പ്രകാരം 255 ലക്ഷം രൂപ വകയിരുത്തി യിരുന്നു. അതിൽ 247.6 ലക്ഷം രൂപ ചെലവഴിക്കുക യുണ്ടായി. |
| (ബി) 2012-2013 ൽ തഴക്കര പഞ്ചായത്തിൽ 150 ഏക്കർ ഭൂമി തരിശുനിലം കൃഷി ചെയ്തതിൽ കർഷകർക്ക് നൽകാനുള്ള ധനസഹായം കുടിശ്ശിക യാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയും പെട്ടെന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) മാവേലിക്കരയിൽ ആരംഭിക്കുന്ന റൈസ് ബയോപാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | (സി) അരിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് താല്പര്യമുള്ള സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നതിന് ' റൈസ് ബയോപാർക്ക്' ലക്ഷ്യമിടുന്നു. അരിയിൽ നിന്നും വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു കേന്ദ്രീകൃത സംവിധാനം എന്നതാണ് ' റൈസ് ബയോപാർക്ക്' സ്ഥാപിക്കുന്നതിലൂടെ സാദ്ധ്യമാകുന്നത്. അരി അടിസ്ഥാനമാക്കിയുള്ള ആഹാരയോഗ്യവും |

വ്യാവസായിക പ്രാധാന്യവുമുള്ള ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിലൂടെ നെൽകൃഷി മേഖലയിലെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. ഇത്തരം ഉല്പന്നങ്ങളുടെ കയറ്റുമതി സാധ്യതയും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സംരംഭകർക്ക് അവസരം ലഭിക്കുന്നു. അങ്ങനെ കേരളത്തിലെ കർഷകർക്ക് നെല്ലിന് ആകർഷകമായ വില ഉറപ്പാക്കിക്കൊണ്ട് കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധ്യമാകുന്നു.

സെക്ഷൻ ഓഫീസർ